بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Summary 02.01.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുല്‍ മുഅ്മിനീന്‍ ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ് അയ്യദഹുല്ലാഹ്

*02.01.15 ന് ബൈത്തുല്‍ ഫുതൂഹ്, ലനില്‍ നിര്‍വഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**പുതിയതായി വരുന്നവര്‍ ആത്മാര്‍ഥതയിലും കൂറിലും വളരെ വേഗത്തില്‍ അഭിവൃദ്ധിപ്പെടുന്നു എന്നകാര്യവും ഓര്‍ക്കുക. നന്മകളില്‍ മുന്നോട്ടു കടക്കാനുള്ള റൂഹ് ഉണ്ടല്ലോ, അതിലേക്ക് പഴയ അഹ്മദികളും പഴയകുടുംബങ്ങളും ശ്രദ്ധിക്കേണ്ടതാണ്. വലിയ ആശങ്കയോടെ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരംതന്നെ അധികമായി സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക.**

തശഹ്ഹുദും തഅവ്വുദും തസ്മിയയും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുല്‍മസീഹ് അല്‍ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്വ്രിഹില്‍ അസീസ് സൂറ തഗാബുനിലെ 17-ാമത്തെ വചനം പാരായണം ചെയ്തു.

فَاتَّقُوا اللّٰهَ مَا اسۡتَطَعۡتُمۡ وَاسۡمَعُوۡا وَاَطِيۡعُوۡا وَاَنۡفِقُوۡا خَيۡرًا لِّاَنۡفُسِكُمۡ‌ؕ وَمَنۡ يُّوۡقَ شُحَّ نَفۡسِهٖ فَاُولٰٓـئِكَ هُمُ الۡمُفۡلِحُوۡنَ ۝١٧

അതുകൊണ്ട് നിങ്ങള്‍ കഴിവതും അല്ലാഹുവിനെ സൂക്ഷിക്കുക. ശ്രദ്ധിച്ചു കേള്‍ക്കുകയും അനുസരിക്കുകയും ചെലവഴിക്കുകയും ചെയ്യുക. അത് നിങ്ങള്‍ക്കു തന്നെ ഗുണകരമായിരിക്കും. തങ്ങളുടെ മനസ്സിന്റെ പിശുക്കില്‍ നിന്ന് രക്ഷപ്പെടുന്നവരാരോ അവര്‍ തന്നെയാണ് വിജയികള്‍. (64:17).

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന്, അവനു വേണ്ടി സദുദ്ദേശ്യങ്ങളില്‍ അഭിവൃദ്ധിപ്പെടുന്നതിന് ചെലവു ചെയ്യുകയും ചെലവു ചെയ്യാനാഗ്രഹിക്കുകയും ചെയ്യുന്ന ജമാഅത്ത് ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ജമാഅത്ത് മാത്രമാണ്. ഇസ്‌ലാമിക പ്രബോധനം, മുബല്ലിഗുമാരെ തയ്യാറാക്കി പ്രവര്‍ത്തനരംഗത്തേക്ക് വിടുക, പുസ്തക പ്രസിദ്ധീകരണം, വിശുദ്ധ ഖുര്‍ആന്‍ പ്രസിദ്ധീകരണം, മസ്ജിദുകളുടെ നിര്‍മാണം, മിഷന്‍ഹൗസുകളുടെ നിര്‍മാണം, സ്കൂളുകളുടെ സ്ഥാപനം, ദീനീ തഅ്ലീം പ്രചരിപ്പിക്കുന്നതിന് വിവിധ രാജ്യങ്ങളില്‍ റേഡിയോ സ്റ്റേഷനുകളുടെ സ്ഥാപനം, ആശുപത്രികളുടെ സ്ഥാപനം, മനുഷ്യകുലത്തിനു വേണ്ടിയുള്ള മറ്റു സേവനങ്ങളുമുണ്ട്. ഇപ്രകാരം അല്ലാഹുവിനോടു കടമപ്പെട്ടതും അല്ലാഹുവിന്റെ ദാസരോടു കടമപ്പെട്ടതുമായ വിവിധ ഇനങ്ങളില്‍പ്പെട്ട ജോലികളുണ്ട്. അത് ഇന്ന് ലോകത്തിന്റെ രേഖാചിത്രത്തില്‍ യഥാര്‍ഥ ഇസ്‌ലാമിക അധ്യാപനമനുസരിച്ച് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മള്‍ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് ആ ജോലികളുടെ ആത്മാവ് മനസ്സിലാക്കി എന്നതു കൊണ്ടാണത്. ശാരീരികേച്ഛയുടെ പിശുക്കില്‍ നിന്ന് രക്ഷപ്പെട്ട് വിജയികളില്‍ ഉള്‍പ്പെട്ടവരെക്കുറിച്ചുള്ള ഗ്രാഹ്യം കരസ്ഥമാക്കിയവരാണ് നമ്മള്‍. ഇതിന്റെ അര്‍ഥത്തില്‍ വ്യാപ്തിയുണ്ട്. വിജയങ്ങളെക്കാള്‍ ഒരുപാട് അധികം അതിന്റെ വിശദീകരണമുണ്ട്. അവര്‍ സമ്പല്‍സമൃദ്ധി പ്രാപിക്കുന്നവരാണ്. വിജയങ്ങള്‍ കരസ്ഥമാക്കുന്നവരാണ്. അവര്‍ തങ്ങളുടെ സദുദ്ദേശ്യങ്ങളുടെ പൂര്‍ത്തീകരണം നടത്തുന്നവരാണ്. അവര്‍ ഐശ്വര്യപൂര്‍ണമായ ജീവിതം കരസ്ഥമാക്കുന്നതിന് ആഗ്രഹിക്കുന്നവരാണ്; അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടിയുള്ള ഐശ്വര്യപൂര്‍ണമായ ജീവിതം. അവരുടെ ജീവിതങ്ങള്‍ അല്ലാഹുവിന്റെ സംരക്ഷണത്തില്‍ വരുന്നു. അവരുടെ സമ്പല്‍സമൃദ്ധിയ്ക്ക് അനശ്വരത ലഭ്യമാകുന്നു. അവര്‍ സുസ്ഥിരമായിരിക്കുന്നു. അവര്‍ അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ശാന്തി കരസ്ഥമാക്കുന്നവരാണ്. അവരുടെമേല്‍ അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഈ ലോകത്തും; പരലോകത്തും.

അല്ലാഹുവില്‍നിന്ന് വിജയം പ്രാപിക്കുന്നവരുടെ വിജയങ്ങള്‍ പരിമിതമായിരിക്കുകയില്ല. എന്നല്ല ആ വിജയങ്ങള്‍ക്ക് അതിരറ്റ വ്യാപ്തിയാണുള്ളത്. ഇത്തരത്തിലുള്ള വിജയങ്ങള്‍ കരസ്ഥമാക്കുന്നവര്‍ എത്രമാത്രം ഭാഗ്യവാന്മാരാണ്. അല്ലാഹു കടം വെക്കുകയില്ല. നിങ്ങളുടെ ധനത്യാഗത്തെ എത്രമാത്രം സ്നേഹദൃഷ്ടിയോടെ അല്ലാഹു നോക്കുകയും അവയെ എത്രമാത്രം വിലമതിക്കുകയും ചെയ്യുന്നുവെന്നാല്‍ നിങ്ങള്‍ അല്ലാഹുവിന് നല്ല കടം കൊടുത്തിട്ടുണ്ടെങ്കില്‍ അത് തിരിച്ചു തരേണ്ട സമയം വരുമ്പോള്‍ അല്ലാഹു വര്‍ധിപ്പിച്ചു തരുന്നതാണ്. ഇതുമാത്രമല്ല അല്ലാഹു പറയുന്നു, ഈ ത്യാഗം കാരണത്താല്‍ നിങ്ങളുടെ പാപങ്ങള്‍ പൊറുത്തുതരും. പാപങ്ങള്‍ പൊറുത്തുതരുമെന്ന് മാത്രമല്ല മറിച്ച് കൂടുതല്‍ നന്മചെയ്യാനുള്ള തൗഫീഖും പ്രദാനം ചെയ്യുന്നതാണ്.

അതുകൊണ്ട് അല്ലാഹുവിന്റെ വിലമതിപ്പിനെ സംബന്ധിച്ച് നിങ്ങള്‍ക്ക് ഊഹിക്കാനെ സാധിക്കുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹത്തില്‍ നിന്ന് ഈ രീതിയില്‍ അനുഗ്രഹം പ്രാപിക്കുന്നവര്‍ എത്രമാത്രം ഭാഗ്യവാന്മാരാണ്. അല്ലാഹുവിന്റെ വഴിയില്‍ ചെലവഴിക്കുന്നതിന്റെ ഗ്രാഹ്യം ഇന്നുള്ളത് അഹ്മദിക്കു മാത്രമാണ്. ഇക്കാരണത്താല്‍ അഹ്മദികള്‍ തന്നെയാണ് ഈ അനുഗ്രഹത്തില്‍ നിന്ന് ലാഭം നേടിക്കൊണ്ടിരിക്കുന്നവര്‍. വളരെ വികാരപരമായ രീതിയില്‍ അഹ്മദികള്‍ വിവരിക്കുന്ന അത്തരത്തിലുള്ള ഒരുപാട് സംഭവങ്ങളുണ്ട് ; എങ്ങനെയാണ് അല്ലാഹു അവരില്‍ അനുഗ്രഹം ചൊരിഞ്ഞത്, എങ്ങനെ അവര്‍ക്ക് ത്യാഗം ചെയ്യാന്‍ തൗഫീഖ് കിട്ടിയത്, എങ്ങനെ അവര്‍ അവരുടെ പ്രതീക്ഷയെക്കാള്‍ കൂടുതല്‍ അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ അതില്‍ ഭാഗഭാക്കാകുന്നവരായിത്തീര്‍ന്നു തുടങ്ങിയവ. അത്തരം ചില സംഭവങ്ങള്‍ ഹുദൂര്‍ വിവരിക്കുകയുണ്ടായി.

ബനിനില്‍ നിന്ന് നമ്മുടെ മുബല്ലിഗ് എഴുതുന്നു: 'കോത്തോനോ പട്ടണത്തിലെ സല്‍മാന്‍ സാഹിബ് സാമ്പത്തിക പരാധീനതയുള്ള വയസ്സായ ഒരാളാണ്. ഡിസംബര്‍ മാസത്തില്‍ ബനിനില്‍ സംഘടിപ്പിച്ച ജല്‍സ സാലാനയില്‍ പങ്കെടുക്കന്നതിന് വണ്ടിക്കൂലിയായ 1500 സീഫ നല്കാന്‍ പോലും അദ്ദേഹത്തിന്റെ പക്കല്‍ പണം ഉണ്ടായിരുന്നില്ല. എന്തായാലും അദ്ദേഹം പരിശ്രമിച്ച് ഒരു ഭാഗത്തേക്കുള്ള യാത്രക്കൂലി സംഘടിപ്പിച്ച് ജല്‍സ ഗാഹിലെത്തി.

എന്നാൽ, തിരിച്ചുപോകാൻ പണം ഉണ്ടായിരുന്നില്ല. പിന്നീട് അതിനുള്ള ഏർപാട് ചെയ്യേണ്ടിവന്നു. ജൽസയ്ക്കുശേഷം വീട്ടിലെത്തി. അഞ്ചാറു ദിവസത്തിനുശേഷം വഖ്ഫെ ജദീദ് ചന്ദ വാങ്ങുന്നയാൾ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. സൽമാൻ സാഹിബ് വളരെ സന്തോഷത്തോടെ 6000 ഫ്രാങ്ക്സീഫ കൊണ്ടുവന്നു കൊടുത്തു. ചന്ദ വാങ്ങാൻ ചെന്നയാൾ അദ്ദേഹത്തോടു പറഞ്ഞു: താങ്കൾ കുറച്ചു തുക തന്നാൽ മതി. ഇത്രയധികം തരേണ്ട. കുട്ടികൾക്കുവേണ്ടിയും വെക്കുക. കാരണം ഇത് താങ്കളുടെ കഴിവിനെക്കാൾ അധികമാണ്. അപ്പോൾ അദ്ദേഹം മറുപടിയായി പറഞ്ഞു: അല്ലാഹു ഈ തുക എനിക്ക് തന്നിരിക്കുമ്പോൾ അവന്റെ വഴിയിൽ എന്തുകൊണ്ട് കൊടുത്തുകൂടാ. ഈ പണം എന്റേതല്ല. ഇത് അല്ലാഹുവിന്റെ അമാനത്താണ്. ജൽസക്ക് പോകാൻ എന്റെ കൈയിൽ പണമൊന്നുമുണ്ടായിരുന്നില്ല. വളരെ പ്രയാസപ്പെട്ടാണ് ഒരു ഭാഗത്തേക്കുള്ള ചെലവെടുത്ത് പോയത്. മടങ്ങി വരുമ്പോൾ അല്ലാഹു ഒരുപാട് അനുഗ്രഹിച്ചു. ഇപ്രകാരം തന്നെ രണ്ടു ദിവസത്തിനുശേഷം അദ്ദേഹം രണ്ടായിരം ഫ്രാങ്ക്സീഫ കൂടുതലായി അടക്കുകയും ചെയ്തു.

കേനുമാർ റീജിയന്റെ സിയറലിയോൺ മുബല്ലിഗ് ഹാജി ശേയ്ഖോ സാഹിബിനെ കുറിച്ച് പറയുന്നു: സെക്രട്ടറി സാഹിബ് വഖ്ഫെ ജദീദ്, വഖ്ഫെ ജദീദിന്റെ വാഗ്ദാനമെടുക്കുന്നതിനുവേണ്ടി പോയപ്പോൾ ഡോക്ടർ ഹാജി ശേയ്ഖോ സാഹിബ് വാഗ്ദാനമെഴുതിക്കാൻ മകളോടു പറഞ്ഞു. അപ്പോൾ 10000 ലിയോൺ നല്കുന്നതാണെന്ന് മകൾ പറഞ്ഞു. മകൾ 10000 ലിയോൺ വാഗ്ദാനം ചെയ്തപ്പോൾ അവളുടെ ഉമ്മ പറഞ്ഞു, ഇത്ര പൈസ എങ്ങനെ കൊടുക്കാനാണ്? കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഡോക്ടർ സാഹിബിന്റെ കുറച്ചു ബന്ധുക്കൾ അദ്ദേഹത്തെ കാണാൻ വന്നു. പോകുന്ന നേരത്ത് അവർ മകൾക്ക് 15000 ലിയോൺ കൊടുത്തു. മകൾ ഉടനെ തന്നെ താൻ വാഗ്ദാനം ചെയ്ത ചന്ദയാണിതെന്ന് പറഞ്ഞ് ഡോക്ടർ സാഹിബിന് 10000 ലിയോൺ കൊടുത്തു.

ഈ അതിവിദൂര സ്ഥലങ്ങളിൽ വസിക്കുന്നവർക്കും അഹ്മദികളുടെ കുട്ടികൾക്കുംപോലും അല്ലാഹു അതിരറ്റ ആത്മാർഥതയാണ് നല്കിയിട്ടുള്ളത്. അവർ ചന്ദയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. ആരാണ് ഇവരുടെ ഹൃദയങ്ങളിൽ ചലനമുണ്ടാക്കുന്നത്. തീർച്ചയായും അല്ലാഹുവിനല്ലാതെ മറ്റാർക്കും അതിനു കഴിയുകയില്ല. എന്നിട്ടും ലോകത്തിന്റെ അന്ധർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിനാൽ അയക്കപ്പെട്ടയാളാണെന്ന് കാണാൻ കഴിയുന്നില്ല. പുതിയതായി വരുന്നവർ ആത്മാർഥതയിലും കൂറിലും വളരെ വേഗത്തിൽ അഭിവൃദ്ധിപ്പെടുന്നു എന്നകാര്യവും ഓർക്കുക. നന്മകളിൽ മുന്നോട്ടു കടക്കാനുള്ള റൂഹ് ഉണ്ടല്ലോ, അതിലേക്ക് പഴയ അഹ്മദികളും പഴയ കുടുംബങ്ങളും ശ്രദ്ധിക്കേണ്ടതാണ്. വലിയ ആശങ്കയോടെ ശ്രദ്ധിക്കേണ്ടതാണ്.

കോംഗോ കിൻഷാസായിലെ (Congo Kinshasa) മുബല്ലിഗ് എഴുതുന്നു: മുസ്തഫാ സാഹിബ് മുബാൻസ കോംഗോ ജമാഅത്ത് വാസിയാണ്. ഈ വർഷം റമളാനിലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. ആ നാളുകളിൽ അദ്ദേഹത്തിന്റെ ക്രിസ്തീയ സഹോദരി അങ്ങേയറ്റം സുഖമില്ലാതിരിക്കുകയായിരുന്നു. വലിയൊരു തുക അവരുടെ ചികത്സക്കായി ചെലവാകാൻ തുടങ്ങി. അങ്ങനെ അതേ മാസം അദ്ദേഹം മസ്ജിദിൽ സാമ്പത്തിക ത്യാഗത്തെ കുറിച്ചു കേട്ടപ്പോൾ ചന്ദ കൊടുത്തു. തന്റെ സഹോദരിക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ട് ചന്ദ കൊടുത്തു. അതിനുശേഷം അദ്ദേഹത്തിന്റെ സഹോദരി പൂർണസുഖം പ്രാപിച്ചു.

പുതുവിശ്വാസികളിൽ ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചന്ദ കൊടുക്കാനുള്ള താൽപര്യം വർധിച്ചുവരികയാണ്. വലിയ ആത്മാർഥതയോടെ അവർ ചന്ദ കൊടുക്കുന്നു. ഇപ്രകാരം തന്നെ ജമാഅത്തിലെ മറ്റൊരു മുഖലിസായ അഹ്മദിയാണ് അഫാന സാഹിബ്. ഓരോ മാസവും അദ്ദഹം ഒരു ലക്ഷത്തി അമ്പതിനായിരം ഫ്രാങ്ക് ഏകദേശം ഇരുന്നൂറ് പൗണ്ട് അടച്ചുകൊണ്ടിരിക്കുന്നു. ആ ദരിദ്ര രാഷ്ടങ്ങളിൽ വലിയ തുകകളാണിത്. ഇതിനു പുറമെ അദ്ദേഹം രണ്ടുലക്ഷത്തി അമ്പതിനായിരം ഫ്രാങ്കും ഏകദേശം മുന്നൂറ്റി മുപ്പത് പൗണ്ട് സക്കാത്തും കൊടുക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈമാനിലും യഖീനിലും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയിലലെ കശ്മീരിലെ ഇൻസ്പെക്ടർ സാഹിബ് എഴുതുന്നു: കഴിഞ്ഞ ദിവസങ്ങളിൽ കശ്മീർ സംസ്ഥാനത്തിൽ വെള്ളപ്പൊക്കമുണ്ടായി. അത് ശ്രീനഗർ നഗരത്തിലെ എല്ലാ അഹ്മദി വീടുകളേയും ശരിക്കും ബാധിച്ചിരുന്നു. ഇൻസ്പെക്ടർ സാഹിബ് പറയുന്നു: ഏതൊരു വീട്ടിൽ പോകുമ്പോഴും ചന്ദ പിരിക്കാൻ വന്നതാണെന്ന് പറയാൻ ധൈര്യം വന്നിരുന്നില്ല. പക്ഷേ, അദ്ദേഹം പറയുന്നു: ആളുകൾ എന്നെ നേരിൽ കണ്ടിട്ട് ചന്ദയുടെ കാര്യം ചോദിക്കുമായിരുന്നു. ആളുകൾ സന്തോഷത്തോടെ തങ്ങളുടെ കുടിശിക അടയ്ക്കുന്നത് കണ്ടപ്പോൾ അത്ഭുതം തോന്നിപ്പോയി. ഇത്രമാത്രം ബുദ്ധിമുട്ടുണ്ടായിട്ടും അവരുടെ മുഖങ്ങളിൽ നേരിയ ചുളിവുപോലും ഉണ്ടായിരുന്നില്ല. ഈ ദൃശ്യം കണ്ട് കണ്ണുകൾ നിറഞ്ഞുപോയി. നബി(സ) തിരുമേനിയുടെ സ്വഹാബാക്കളെ(റ) ഓർമ വന്നു. അവരുടെ പക്കൽ തിന്നാൻ ഒന്നുമുണ്ടായിരുന്നില്ല. എന്നാൽ, ത്യാഗങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരുന്നു. യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ട ജമാഅത്തിനെ കണ്ടിട്ട് ഈമാനിൽ വർധന ഉണ്ടാകുന്നു.

ബനിനിൽ നിന്ന് നമ്മുടെ മുഅല്ലിം എഴുതുന്നു: തന്റെ കുടുംബത്തെ അല്ലാഹു അഹ്മദിയാക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു നവഅഹ്മദി ചന്ദ മുടങ്ങാതെ കൊടുത്തുകൊണ്ടിരുന്നു. എന്റെ കുടുംബാംഗങ്ങളെല്ലാം അഹ്മദിയായിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഇന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഇത് വെറും ദീനിന്റെ വഴിയിൽ സാമ്പത്തിക ത്യാഗത്തിന്റെ ബർക്കത്തുകൊണ്ടുണ്ടായതാണ്.

ഇന്ത്യയിൽ നിന്ന് ഇൻസ്പെക്ടർ ഖമറുദ്ദീൻ സാഹിബ് പറയുന്നു: കേരളത്തിലെ 24 വയസ്സുള്ള ഒരു യുവാവിനെ കണ്ടുമുട്ടി. താൻ ഇന്റീരിയർ ഡിസൈനിംഗിൽ പഠനം പൂർത്തിയാക്കി എന്ന് അദ്ദേഹം പറഞ്ഞു; തന്റെ പിതാവുമൊത്ത് ജോലി തുടങ്ങാൻ പോകുകയാണെന്നും. ചന്ദ വഖ്ഫെ ജദീദിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹത്തോടു പറഞ്ഞു. ആ സമയം തന്നെ അദ്ദേഹം രണ്ടുലക്ഷം രൂപ തന്റെ ബജറ്റ് എഴുതിച്ചു. എന്നിട്ട് പറഞ്ഞു: 'ഇപ്പോൾ ജോലി തുടങ്ങിയതേയുള്ളു. ഇതെങ്ങനെ പൂർത്തിയാകുമെന്ന് അല്ലാഹുവിനെ അറിയൂ.' ഖലീഫത്തുൽമസീഹിന് ദുആയ്ക്കെഴുതാനും താൻ തന്നെയും ദുആയ്ക്ക് എഴുതാമെന്നും ഇൻസ്പെക്ടർ സാഹിബ് അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം പറയുന്നു: വീണ്ടും ചന്ദ വസൂൽ ചെയ്യുന്നതിനുവേണ്ടി പോയപ്പോൾ അദ്ദേഹം സന്തോഷത്തോടെ പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ പല ബാങ്കുകളിൽ നിന്നും എനിക്ക് ഇന്റീരിയർ ഡിസൈനിംഗിന്റെ ജോലി കിട്ടി. അതുമുഖന എന്റെ വരുമാനത്തിൽ ഒരുപാട്

ബർക്കത്തുണ്ടായി.' ആ സമയംതന്നെ അദ്ദേഹം തന്റെ വാഗ്ദാനമായ രണ്ടുലക്ഷം രൂപയും അടച്ചു.

ഇന്ത്യയിൽ നിന്നു തന്നെ നായിബ് നാസിം മാൽ വഖ്ഫെ ജദീദ് എഴുതുന്നു: ഉത്തർപ്രദേശ് സംസ്ഥാനത്തിൽ സാമ്പത്തിക പര്യടനം നടത്തുന്ന വേളയിൽ സെക്രട്ടറി മാൽ മുഹമ്മദ് ഫരീദ് അൻവർ സാഹിബുമായി കൂടിക്കാഴ്ച നടന്നു. അദ്ദേഹത്തിന്റെ എട്ടു വയസ്സുള്ള കുട്ടി സജീല തന്റെ കുടുക്ക തന്നിട്ട് പറഞ്ഞു: ഞാൻ വർഷം മുഴുവൻ ഇതിൽ ചന്ദ നല്കുന്നതിനായി പണം സ്വരൂപിച്ചു. താങ്കൾ ഇതിൽ നിന്ന് മുഴുവൻ തുകയും എടുത്ത് രസീത് തരിക. ഇത് എട്ടു വയസ്സുള്ള ഒരു പെൺകുട്ടിയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ നൗ പദ്ധതിയിലും അംഗമാണ്.

കുട്ടികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ റൂഹ് അവരുടെ മനസ്സിൽ ഇടുന്നത് അല്ലാഹു മാത്രമാണ്. എന്നാൽ, വീട്ടിലെ അന്തരീക്ഷം ദീനി ആക്കിവെക്കേണ്ടത് മാതാപിതാക്കളുടേയും ജോലിയാണ്. മറ്റു നന്മകളോടൊപ്പം, ആരാധനകളോടൊപ്പം ചന്ദയുടെ പ്രാധാന്യത്തെക്കുറിച്ചും ഇടയ്ക്കിടെ അവരുടെ മനസ്സുകളിൽ ഇട്ടുകൊണ്ടിരിക്കേണ്ടതാണ്. ആൺകുട്ടി അല്ലെങ്കിൽ കുട്ടികൾ ചന്ദയുമായിട്ട് വരുമ്പോൾ , നിങ്ങൾക്കുവേണ്ടി നിങ്ങളുടെ പിതാവ് ചന്ദ തന്നിരിക്കുന്നുവെന്ന് പറയുമ്പോൾ, പിതാവ് തന്നതിന്റെ പ്രതിഫലം പിതാവിനുണ്ടാകും, ഞങ്ങൾ ഞങ്ങളുടെ പോക്കറ്റ് ചെലവിൽ നിന്ന് സ്വയം നല്കുന്നതാണ് എന്നു പറയുന്ന സംഭവങ്ങളുമുണ്ട്.

സാമ്പത്തികമായി കഴിവൊന്നുമില്ലാത്ത ഒരു സ്ത്രീ യു.കെ. ജമാഅത്തിലുണ്ട്. അവർക്ക് ചന്ദ കൊടുക്കാൻ ഒരു നിർവാഹവുമുണ്ടായിരുന്നില്ല. എങ്കിലും തനിക്കു കൊടുക്കാവുന്ന ഏറ്റവും കുറച്ച് തുക വാഗ്ദാനമെഴുതിച്ചു. അവർക്ക് തുന്നൽ അറിയാമായരുന്നു. അങ്ങനെ കുറച്ചു ദിവസങ്ങൾക്കുശേഷം അവർക്ക് തുന്നുതിനുള്ള ഓർഡർ കിട്ടാൻ തുടങ്ങി. അതിനുശേഷം അവർക്ക് ചന്ദകൊടുക്കാനുള്ള കഴിവുണ്ടായി എന്നു മാത്രമല്ല അതുമുഖേന കൂടുതൽ വരുമാനവുമുണ്ടായി. അതുകൊണ്ട് അവർ അവരുടെ വാഗ്ദനവും കൂട്ടി. ഇവിടെ ഇതുംകൂടി പറയട്ടെ, തഹ്‌രീകെ ജദീദിലും വഖ്ഫെ ജദീദിലും യു.കെ. ലജ്ന മാശാ അല്ലാഹ് അധ്വാനത്തോടും ധൈര്യത്തോടും കൂടി തങ്ങളുടെ ടാർഗറ്റ് പൂർത്തിയാക്കിയെന്ന് മാത്രമല്ല ടാർഗറ്റിനെക്കാൾ ഒരുപാട് കൂടുതൽ പണം അടക്കുകയും ചെയ്തു.

സാമ്പത്തിക ത്യാഗങ്ങളുടെ ചില ഉദാഹരണങ്ങളാണിത്. ഒരുപാട് സംഭവങ്ങളിൽ അല്ലാഹു എങ്ങനെയാണ് വർധിപ്പിച്ചു നല്കുന്നതെന്ന് നാം കണ്ടു. അല്ലാഹു സത്യമായ വാഗ്ദാനം ചെയ്യുന്നവനാണ്. എവിടെയാണോ അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ സത്യത പ്രകടമാകുന്നത് അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനോടൊപ്പം ഏതു രാജ്യത്താണെങ്കിലും വേണ്ടില്ല അല്ലാഹുവിന്റെ സഹായത്തിന്റെ ദൃശ്യങ്ങളും നമുക്ക് കാണാൻ കഴിയുന്നു. വഖ്ഫെ ജദീദ് പദ്ധതി പാകിസ്താനു വെളിയിലുള്ള രാജ്യങ്ങളിൽ ആഫ്രിക്കയിലേയും ഭാരതത്തിലേയും പ്രവർത്തനങ്ങൾ പ്രത്യേകമായ നിലയിൽ പൂർത്തീകരിക്കുന്നതിനായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തുടങ്ങിവെച്ചതായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ആഫ്രിക്കയിലെ 18 രാജ്യങ്ങളിൽ 95 മസ്ജിദുകൾ നിർമാണത്തിലാണുള്ളത്. ഇസ്‌ലാമിനെ പരിചയപ്പെടുത്തണമെങ്കിൽ, തബ്‌ലീഗ് ചെയ്യണമെങ്കിൽ മസ്ജിദുകൾ നിർമിക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വും പറയുകയുണ്ടായി. ഈ വർഷം 204 പുതിയ മസ്ജിദുകൾ നിർമിച്ചു. ഇപ്രകാരം തന്നെ 184 മിഷൻ ഹൗസുകളും നിർമിക്കുകയുണ്ടായി.

ഒരുപാട് ബയ്അത്തുകൾ പാഴായിപ്പോകുന്നു, അവയുടെ കുറഞ്ഞത് 70% ബന്ധപ്പെട്ട് തിരിച്ചുകൊണ്ടുവരണമെന്ന് ഞാൻ ഖിലാഫത്തിന്റെ ആദ്യ വർഷം തന്നെ ജമാഅത്തുകളോടു പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന്റെ ഫലമായി ജമാഅത്തുകൾ പരിശ്രമിക്കുകയും ചെയ്തു. പ്രത്യേകിച്ചും ആഫ്രിക്കയിൽ. എന്തായാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷക്കണക്കിനാളുകളുമായി ബന്ധപ്പെടാൻ കഴിഞ്ഞു. അവർ തിരിച്ചുവന്നു. ഇപ്പോൾ അവരുടെ തർബിയ്യത്തിനുവേണ്ടി വ്യവസ്ഥാപിതമായ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. അതിൽ കൂടുതൽ ഉറപ്പു വരുത്തേണ്ട ആവശ്യമുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ പ്രവർത്തിച്ചത് ഘാനയാണ്. പിന്നീട് നൈജീരിയ. ഇപ്രകാരം തന്നെ മറ്റു ആഫ്രിക്കൻ രാജ്യങ്ങളും. തൻസാനിയായിൽ ഒരുപാട് കുറവുണ്ട്. അവരും പരിശ്രമിക്കേണ്ടതാണ്. ബോസ്നിയായുടെ അവസ്ഥ മോശമായപ്പോൾ ജർമനിയിൽ ധാരാളം ബോസ്നിയൻ ആളുകൾ വന്നിരുന്നു. അവരിൽ ഒരു ലക്ഷം പേർ ബയ്അത്ത് ചെയ്തിരുന്നുവെന്ന് പറയപ്പെടുന്നു. എന്നാൽ, അവർ തങ്ങളുടെ നാട്ടിലേക്കു മടങ്ങിപ്പോയതിനുശേഷം ബന്ധമില്ലാതായി. ഇപ്രകാരം ഭാരതത്തിൽ പശ്ചിമബംഗാളിലും ബയ്അത്ത് നടന്നിരുന്നു. അവിടേയും അന്വേഷിക്കേണ്ട ആവശ്യമുണ്ട്. സൽപ്രകൃതക്കാരും, അല്ലാഹു രക്ഷിക്കാൻ ഉദ്ദേശിക്കുന്നവരും ഇൻശാ അല്ലാഹ് മടങ്ങി വരുന്നതാണ്. അല്ലാഹുവിന്റെ സമ്മാനം കരസ്ഥമാക്കി ബലഹീനരായി അകന്നുപോയവരുണ്ടെങ്കിൽ നമുക്ക് അവരോട് തീർച്ചയായും സഹതാപമുണ്ട്. എന്നാൽ, നമ്മുടെ എണ്ണം കുറവാണെന്നതിൽ നമുക്ക് ആശങ്കയൊന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ജമാഅത്തിൽ എണ്ണത്തെക്കാളുപരി ആത്മാർഥതയിലും കൂറിലും ഉയർന്നു നില്ക്കുന്ന മുഖ്‌ലിസീംകൾ ഉണ്ടാകണമെന്നതിലാണ് കൂടുതൽ സമ്മർദം ചെലുത്തിയിട്ടുള്ളത്.

ഹുദൂർ പറഞ്ഞു: ഇനി ഞാൻ വഖ്ഫെ ജദീദിന്റെ നവവത്സര പ്രഖ്യാപനം നടത്തുകയാണ്. കഴിഞ്ഞ വർഷത്തെ കുറച്ചു കാര്യങ്ങളും നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. വഖ്ഫെ ജദീദിന്റെ 57-ാം വർഷം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുത്തുകൊണ്ട് ഡിസംബർ 31 ന് അവസാനിച്ചു. 58-ാം വർഷം ജനുവരി ഒന്നു മുതൽ ആരംഭിച്ചു. അന്തർദേശീയ അഹ്മദിയ്യാ ജമാഅത്തിന് ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിൽ അറുപത്തിരണ്ട് ലക്ഷത്തി ഒമ്പതിനായിരം പൗണ്ടിന്റെ വർധന ഉണ്ടായി. **അൽഹംദുലില്ലാഹ്**. പാക്കിസ്ഥാൻ ഒന്നാം സ്ഥാനത്താണ്. അതിനുശേഷം ബ്രിട്ടൺ. പിന്നീട് അമേരിക്ക. അതിനുശേഷം ജർമനി. പിന്നീട് കാനഡ. അതുകഴിഞ്ഞ് ഭാരതം. പിന്നീട് ആസ്ത്രേലിയ. ആസ്ത്രേലിയായ്ക്കുശേഷം ഇന്തോനേഷ്യയാണ്. പിന്നീട് ദുബായ്, ബൽജിയം. പിന്നീടുള്ളത് മറ്റൊരു അറേബ്യൻ രാജ്യമാണ്. കറൻസിയുടെ കണക്കനുസരിച്ച് ആസ്ത്രേലിയ 123% വർധനയുണ്ടാക്കി. കാനഡ 21%. അതിനുശേഷം ഭാരതത്തിന്റെ ഏകദേശം 17%. ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ അമേരിക്കയാണ് ഒന്നാംസ്ഥാനത്തുള്ളത്. ആളോഹരി 70 പൗണ്ട്. സ്വിറ്റസർലന്റിന്റേത് 59 പൗണ്ടാണ്. യു.കെ.യുടേത് 51 പൗണ്ടും ആസ്ത്രേലിയായുടേത് 56 പൗണ്ടും. പിന്നീട് ബൽജിയം, ഫ്രാൻസ്, കാനഡ. ജർമനി. ഈ വലിയ ജമാഅത്തുകളിൽ ജർമനിയുടേത് ഏറ്റവും അവസാനമാണുള്ളത്.

വഖ്ഫെ ജദീദിൽ അംഗങ്ങളുടെ എണ്ണം പതിനൊന്ന്

ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തിൽ അധികമാണ്. വർധനയുടെ അടിസ്ഥാനത്തിൽ മാലി, ബെനിൻ, നൈജീരിയ. ബുർക്കിനാ ഫാസോ കാമ്റോൺ ജമാഅത്തുകൾ സ്മരണാർഹമാണ്. മൊത്തത്തിലുള്ള വസൂലിയുടെ അടിസ്ഥാനത്തിൽ ആഫ്രിക്കയിൽ ഘാനയാണ് മുന്നിൽ. പിന്നീട് നൈജീരിയായും മൗറീഷ്യസും. വസൂലിയുടെ അടിസ്ഥാനത്തിൽ ഭാരതത്തിലെ സംസ്ഥാനങ്ങളിൽ കേരളം, ജമ്മു കശ്മീർ, തമിൾനാട്, ആന്ധ്രപ്രദേശ്, വെസ്റ്റ് ബംഗാൾ, ഒഡീഷ, കർണാടക, ഖാദിയാൻ പഞ്ചാബ്, ഉത്തരപ്രദേശ്, മഹാരാഷ്ട്ര, ബിഹാർ, ലക്ഷദ്വീപ്, രാജസ്ഥാൻ. വസൂലിയുടെ അടിസ്ഥാനത്തിൽ ഭാരതത്തിലെ ജമാഅത്തുകൾ കരുളായ്, കോഴിക്കോട്, ഹൈദരാബാദ്, കൊൽക്കത്ത, ഖാദിയാൻ, കണ്ണൂർ ടൗൺ, സോറോ, പഴയങ്ങാടി, ചെന്നയ്, ബംഗ്ലുരു. അവസാനം മൂന്നു ജമാഅത്തുകളുണ്ട് കരുന്നാഗപ്പള്ളി, പത്തപ്പിരിയം, ക്രാൻ. അല്ലാഹു തആല ത്യാഗം ചെയ്തവരുടെയെല്ലാം ധനങ്ങളിലും ആരോഗ്യങ്ങളിലും അതിരറ്റ അനുഗ്രഹം നല്കുമാറാകട്ടെ.

അവസാനം ഈ ദുആയിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ്. പാക്കിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. റബ്വയിലും കുറച്ചു ദിവസമായി എതിരാളികളും ശത്രുക്കളും അവസ്ഥകൾ മോശമാക്കാൻവേണ്ടി കഠിന ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അല്ലാഹു അവരുടെ ശർറിൽ നിന്ന് എല്ലാ അഹ്മദികളേയും രക്ഷിക്കുമാറാകട്ടെ. അവരുടെ ശർറ് അവരിലേക്ക് തന്നെ മറിക്കുമാറാകട്ടെ. റബ്വയിൽ ശാന്തിയുടേയും സമാധാനത്തിന്റേയും അവസ്ഥ നിലനില്ക്കുമാറാകട്ടെ. ശരിയായ നിലയിൽ ഇക്കാര്യം കൈകാര്യം ചെയ്യാൻ അല്ലാഹു ഭരണകാർത്താക്കൾക്കും സർക്കാറിനും ബുദ്ധി നല്കുമാറാകട്ടെ.

ഇപ്രകാരം തന്നെ മുസ്ലിം ലോകത്തിനും യൂറോപ്പിൽ വസിക്കുന്ന മുസ്ലീംകൾക്കു വേണ്ടിയും ദുആ ചെയ്യുക. ഫ്രാൻസിൽ അക്രമപരമായ ഒരു സംഭവം ഉണ്ടായിരിക്കുന്നു; ഇസ്ലാമിന്റേയും നബി(സ) തിരുമേനിയുടേയും പേരിൽ. അതിന് ഇസ്ലാ മികാധ്യാപനങ്ങളുമായിട്ട് വിദൂര ബന്ധം പോലുമില്ല. നിയമം കൈയിലെടുത്ത് ആരെയെങ്കിലും ഇങ്ങനെ വധിക്കുന്നതും കൊല്ലുന്നതും ഇസ്ലാമികാധ്യാപനവുമായി ഒരു ബന്ധവുമില്ലാത്ത കാര്യമാണെന്ന് നമ്മൾ എപ്പോഴും പറഞ്ഞു വരുന്നതാണ്; സ്ഥാപിക്കുന്നതുമാണ്. പക്ഷേ, എന്നിട്ടും നാമധാരികളായ മുസ്ലീം സംഘടനകൾ തങ്ങളുടെ പ്രവൃത്തികളിൽ നിന്നും അക്രമങ്ങളിൽ നിന്നും പിന്മാറുന്നില്ല. ഇതിന്റെ ഫലമായി ഇവിടെ മുസ്ലീംകൾക്കും ഈ രാജ്യങ്ങളിലെ തദ്ദേശ ജനങ്ങളുടെ തെറ്റായ പ്രതികരണം നേരിടേണ്ടതായി വരാം. ഇതു മാത്രമല്ല ഈ പ്രതികരണത്തിൽ എതിർ നടപടി ഉണ്ടായിക്കഴിഞ്ഞിട്ടുള്ള പത്രവും ഇവിടത്തെ ആളുകളും ഇവിടത്തെ മാധ്യമങ്ങളും തെറ്റായ പ്രതികരണം കാണിച്ചുകൊണ്ട് നബി(സ) തിരുമേനിയുടെമേൽ തെറ്റായ ആക്രമണം നടത്തിയേക്കാം. എന്നാൽ, തെറ്റായ പ്രതികരണമുണ്ടായാൽ മനസ്സിലാക്കികൊടുക്കാൻ ഒരു നായകനുമില്ലാത്ത മുസ്ലീംകൾ വീണ്ടും പ്രതികരണം കാണിക്കും. അങ്ങനെ ഫിത്നയുടേയും ഫസാദിന്റേയും പരമ്പര വർദ്ധിച്ചുകൊണ്ടേ പോകും. അതു വർധിക്കാനുള്ള ഭീഷണിയുമുണ്ട്. ഇന്ന് അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളുടെ ജോലിയാണ് ഇരുകൂട്ടരേയും അക്രമങ്ങളിൽ നിന്ന് രക്ഷപ്പെടുത്താൻ വേണ്ടി ദുആ ചെയ്യുക എന്നത്. ഇപ്രകാരം തന്നെ അധികമായി സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. തങ്ങളുടെ വൃത്തത്തിൽ സമാധാനാന്തരീക്ഷം ഉണ്ടാക്കാൻ സാധിക്കുന്നവർ അതിനു വേണ്ടി ശ്രമിക്കേണ്ടതാണ്. അല്ലാഹു ലോകത്തെ ഫസാദുകളിൽ നിന്ന് രക്ഷിക്കുകയും ഫസാദിന്റെ അവസ്ഥ എത്രയും വേഗം സമാധാനത്തിലേക്ക് മാറ്റുകയും ചെയ്യുമാറാകട്ടെ.


Friday Sermon delivered by **Hadrat Khaleefatul Masih Alkhamis** (atba)
at Baithul Futuh,London – on 09.01.2015
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau. Mohammad Ismail For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516



If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala


To